# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതിയ്ക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ പദ്ധതിയ്ക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലാണ് നടപ്പിലാക്കുന്നത്.<br><br>ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ തുകയ്ക്ക് അംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള അംഗീകാരം മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ് സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളിലെ ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാറിന്റെ 29.09.2022ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനസ്ഥാപനം ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയുണ്ടായി. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്കായി ഏകോപിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതുസംബന്ധിച്ച് സർക്കാർ നിർദ്ദേശമുണ്ടായിട്ടും സത്വരനടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് 2025 ഓഗസ്റ്റ് മാസം വരെ 6039.24 കോടി രൂപയുടെ ബിൽ കുടിശ്ശികയുണ്ട്. ആയതിനാൽ നിലവിൽ ഇത് റോഡ് റീസ്റ്റോറേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. റോഡ് പുനസ്ഥാപനവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് വർഷങ്ങളായിട്ടും പൂർത്തീകരിക്കാത്ത കോൺട്രാക്ടർമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് 2025 ഓഗസ്റ്റ് മാസം വരെ 6039.24 കോടി രൂപയുടെ ബിൽ കുടിശ്ശികയുണ്ട്. ആയതിനാൽ നിലവിൽ ഇത് റോഡ് റീസ്റ്റോറേഷൻ ഉൾപ്പെടെയുള്ള പ്രവർത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. കരാർ പ്രവൃത്തിയിൽ മനഃപൂർവ്വമായ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ കരാർ നിബന്ധനകളനുസരിച്ച് പിഴയീടാക്കുന്നതുൾ പ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ